പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1979 — 18.06.2013-ൽ മറുപടിയ്ക്ക്

## ദീർഘകാല കരാർ അടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങാൻ ടെണ്ടർ

ചോദ്യം
ശ്രീ. സി. മോയിൻകുട്ടി :

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ദീർഘകാല കരാർ അടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങാൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് വാങ്ങാൻ ഉദ്ദേശിക്കുന്നത്;

(എ) സംസ്ഥാന വൈദ്യുതി ബോർഡ് മീഡിയം ടേം അടിസ്ഥാനത്തിൽ കേസ്-1 ബിഡ്ഡിംഗ് പ്രകാരം വൈദ്യുതി വാങ്ങാൻ ടെണ്ടർ ക്ഷണിച്ചിരുന്നു. ഇത് പ്രകാരം മൂന്ന് വർഷ കാലയളവിലേയ്ക്ക് 400 മെഗാവാട്ട് (റൗണ്ട് ദി ക്ളോക്ക്) വാങ്ങാൻ ഉദ്ദേശിക്കുന്നു.

(ബി) പ്രസ്തുത ടെണ്ടർ പ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി നൽകാനാണ് സംരംഭകർ മുന്നോട്ട് വന്നിരിക്കുന്നത്; ഒരു യൂണിറ്റ് വൈദ്യുതിയ്ക്ക് ശരാശരി വില എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ടി ടെണ്ടർ പ്രകാരം സംരംഭകരിൽ നിന്നും ലഭിച്ച ഓഫറുകളും അവർ നൽകാമെന്ന് പറഞ്ഞ വൈദ്യുതി (മെഗാവാട്ട്), ഒരു യൂണിറ്റ് വൈദ്യുതിയുടെ ശരാശരി വില എന്നിവ ചുവടെ ചേർക്കുന്നു.

| Sl. No. | Bidder | Quantum in MW | ഒരു യൂണിറ്റ് വൈദ്യുതിയുടെ ശരാശരി വില (രൂപ) |
|---|---|---|---|
| 1. | KSK Mahanadi Power Company Limited | 200 | 4.9974 |
| 2. | Wardha Power Company Limited | 120 | 5.3528 |
| 3. | Tata Power Trading Company | 70 | 4.6100 |
| 4. | PTC India Limited | 100 | 4.5034 |
| 5. | Jindal Power Limited | 300 | 4.5411 |
| 6. | Coastal Energen | 150 | 6.0393 |
| 7. | NTPC Vidyut Vyapar Nigam Limited | 300 | 4.5253 |

| | | | |
|---|---|---|---|
| 8. | Global Energy Private Limited | 25 | 5.9104 |
| 9. | JSW Power Trading Company Limited | 200 | 6.3096 |
| | | 100 | 6.4770 |

മേൽ പറഞ്ഞ ടെണ്ടർ പ്രകാരം 100 MW, M/s. PTC യിൽ നിന്ന് ₹ 4.45 യ്ക്കും, 300 MW NVVN ൽ നിന്ന് ₹ 4.49 യ്ക്കും വാങ്ങാൻ ആണ് ഉദ്ദേശിക്കുന്നത്.

(സി) അയൽ സംസ്ഥാനങ്ങൾ ഇപ്രകാരം ടെണ്ടർ ക്ഷണിച്ചപ്പോൾ ശരാശരി ഒരു യൂണിറ്റ് വൈദ്യുതിക്ക് ₹ 4.50 മുതൽ ₹ 5.50 വരെ വില നിശ്ചയിച്ച് കരാറിൽ ഏർപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) ഇല്ല.

സെക്ഷൻ ഓഫീസർ.